# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 706 — 09/08/2017- ൽ മറുപടിയ്ക്ക്

**<u>പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ.എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഉള്ളത്; അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിലായി എത്രയെണ്ണം വീതമാണ് ഗേൾസ് ഹോസ്റ്റലുകളുള്ളത്; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ 87 പ്രീമെട്രിക് ഹോസ്റ്റലുകളും 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമുണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പെൺകുട്ടികൾക്കായി 44 പ്രീമെട്രിക് ഹോസ്റ്റലുകളും 7 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 46 പ്രീമെട്രിക് ഹോസ്റ്റലുകളും 1 പോസ്റ്റ് മെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.<br>ഗേൾസ് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു. |

| | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| | പ്രീ മെട്രിക് | പോസ്റ്റ് മെട്രിക് | പ്രീ മെട്രിക് | പോസ്റ്റ് മെട്രിക് |
| തിരുവനന്തപുരം | 4 | 1 | 1 | |
| കൊല്ലം | 3 | 1 | 2 | |
| പത്തനംതിട്ട | 4 | 0 | 1 | |
| ആലപ്പുഴ | 4 | 0 | 1 | |
| കോട്ടയം | 3 | 1 | 2 | |
| ഇടുക്കി | 3 | 0 | 5 | |
| എറണാകുളം | 3 | 1 | 2 | |

| | | | | |
|---|---|---|---|---|
| തൃശ്ശൂർ | 2 | 0 | 2 | |
| പാലക്കാട് | 6 | 1 | 7 | 1 |
| മലപ്പുറം | 3 | 0 | 4 | |
| കോഴിക്കോട് | 3 | 1 | 2 | |
| വയനാട് | 0 | 0 | 13 | |
| കണ്ണൂർ | 4 | 0 | 4 | |
| കാസർഗോഡ് | 2 | 1 | 4 | |
| | **44** | **7** | **46** | **1** |

| | | | |
|---|---|---|---|
| (ബി) | തലസ്ഥാനത്തുൾപ്പെടെ പ്രധാനപ്പെട്ട എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പുതിയ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്<br>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തലസ്ഥാനത്തുൾപ്പെടെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി ബജറ്റിൽ എന്ത് തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിൻ കീഴിൽ നിലവിലുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവൃത്തികൾ എന്നിവ നടത്തുന്നതിനും വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽകിണറുകൾ കുഴിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വാട്ടർ കണക്ഷൻ എടുക്കുന്നതിനും എല്ലാ ഹോസ്റ്റലുകളിലും ഗ്യാസ് കണക്ഷൻ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വാട്ടർ പ്യൂരിഫയർ, Mosquito Net, പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ & ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ഇൻഡോർ ഗെയിമുകൾക്ക് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

ഹോസ്റ്റലുകളിൽ, സോളാർ പാനലുകൾ സ്ഥാപിക്കുകയും കുട്ടികളുടെ സുരക്ഷിതത്വത്തിനായി സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനും ആധുനിക സൗകര്യങ്ങൽ ഏർപ്പെടുത്തിന്നതിന്റെ ഭാഗമായി ഇ-ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, വെയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. 2225-01-277-57-34-(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40410 ലക്ഷം രൂപയിൽ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൽ വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തന ങ്ങൾക്കുമായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 4225-01-800-99 (പി) ശീർഷകത്തിൽ വകയിരുത്തിയ 1500 ലക്ഷം രൂപയിൽ ഹോസ്റ്റൽ അറ്റകുറ്റപ്പണി കൾക്കായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രത്തിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂനിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ/ടി.ഡി.ഒ മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും, ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കി വരുകയും ചെയ്യുന്നു. "2225-02-277-52 Improving facilities in ST hostels (Plan)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2225-02-800-29-36-ആർട്ടിക്കിൾ 275 (1) (പ്ലാൻ) എന്ന

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ 231.35 ലക്ഷം രൂപയും, 2225-02-794-98-SCA to TSP (Plan) എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപയും, ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**